# കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ. ആർ.-12) വകുപ്പ്

## ഉത്തരവ്

സ.ഉ. (പി) നമ്പർ 14/2013/ഉ.ഭ.പ.വ. *തിരുവനന്തപുരം, 2013 ഏപ്രിൽ 20.*

**എസ്. ആർ. ഒ. നമ്പർ 325/2013.**—2012-ലെ കേരള സംസ്ഥാന സേവനാവകാശ ആക്ടിന്റെ (2012-ലെ 18) 3-ാം വകുപ്പ്, പ്രസ്തുത ആക്ടിന്റെ പ്രാരംഭം മുതൽ ആറ് മാസത്തിനകം, ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും, അവ ഓരോന്നും നൽകുന്നതായ സേവനങ്ങൾ, നിയുക്ത ഉദ്യോഗസ്ഥർ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി, നിശ്ചിത സമയപരിധി എന്നിവ പ്രസ്തുത ആക്ടിന്റെ ആവശ്യങ്ങൾക്കായി ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതിനാലും;

പ്രസ്തുത ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപ്രകാരം ഓരോ ഗ്രാമ പഞ്ചായത്തിനും, ബ്ലോക്ക് പഞ്ചായത്തിനും, ജില്ലാ പഞ്ചായത്തിനും, മുനിസിപ്പാലിറ്റിക്കും, കോർപ്പറേഷനും വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുന്നത് പ്രായോഗികമല്ല എന്ന് കണ്ടതിനാലും;

പ്രസ്തുത ആക്ടിന്റെ 3-ാം വകുപ്പ് പ്രകാരം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുന്നത് 3-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിന് വൈഷമ്യം ഉണ്ടാക്കുമെന്നതിനാലും;

പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾ നിശ്ചിത സമയപരിധിക്കുള്ളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കേണ്ടതിനാലും;

പ്രസ്തുത ആക്ടിന്റെ 3-ാം വകുപ്പിലെ "ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും" എന്ന വാക്കുകൾക്ക് പകരം "തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടി, അതത് സംഗതിപോലെ, പഞ്ചായത്ത് ഡയറക്ടർ, ഗ്രാമ വികസന കമ്മീഷണർ, നഗര കാര്യ ഡയറക്ടർ" എന്ന വാക്കുകൾ ചേർത്തുകൊണ്ടുള്ള ഒരു ഭേദഗതിയിലൂടെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിലുള്ള വൈഷമ്യങ്ങൾ നീക്കം ചെയ്യേണ്ടത് ആവശ്യമാണെന്ന് സർക്കാർ കരുതുന്നതിനാലും;

ഇപ്പോൾ, അതിനാൽ, 2012-ലെ കേരള സംസ്ഥാന സേവനാവകാശ ആക്ട് (2012-ലെ 18) 12-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, സർക്കാർ, പ്രസ്തുത വൈഷമ്യം നീക്കം ചെയ്യുന്നതിലേക്ക് താഴെപ്പറയുന്ന ഉത്തരവ് ഇതിനാൽ പുറപ്പെടുവിക്കുന്നു, അതായത് :—

1. <u>ചുരുക്കപ്പേരും പ്രാരംഭവും</u>.—(1) ഈ ഉത്തരവിന് 2013-ലെ കേരള സംസ്ഥാന സേവനാവകാശ (വൈഷമ്യങ്ങൾ നീക്കം ചെയ്യൽ) ഉത്തരവ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. <u>ഭേദഗതി</u>.—2012-ലെ കേരള സംസ്ഥാന സേവനാവകാശ ആക്ടിലെ (2012-ലെ 18) 3-ാം വകുപ്പിൽ "ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും" എന്ന വാക്കുകൾക്ക് പകരം "തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി, അതത് സംഗതിപോലെ, പഞ്ചായത്ത് ഡയറക്ടർ, ഗ്രാമ വികസന കമ്മീഷണർ, നഗര കാര്യ ഡയറക്ടർ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

റ്റി. ജെ. മാത്യു,

*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് ഉത്തരവിന്റെ ഭാഗമാകുന്നില്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2012-ലെ കേരള സംസ്ഥാന സേവനാവകാശ ആക്ട് 3-ാം വകുപ്പ് പ്രകാരം പ്രസ്തുത ആക്ടിന്റെ പ്രാരംഭം മുതൽ ആറു മാസത്തിനകം, ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും, അവ ഓരോന്നും നൽകുന്നതായ സേവനങ്ങൾ, നിയുക്ത ഉദ്യോഗസ്ഥർ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി, നിശ്ചിത സമയപരിധി എന്നിവ പ്രസ്തുത ആക്ടിന്റെ ആവശ്യങ്ങൾക്കായി ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതാണ്. പ്രസ്തുത ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഓരോ ഗ്രാമ പഞ്ചായത്തും, ബ്ലോക്ക് പഞ്ചായത്തും, ജില്ലാ പഞ്ചായത്തും, മുനിസിപ്പാലിറ്റിയും, കോർപ്പറേഷനുകളും വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുക എന്നത് പ്രായോഗികമല്ല എന്ന് കാണുകയുണ്ടായി. പ്രസ്തുത ആക്ടിലെ 3-ാം വകുപ്പിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള വിജ്ഞാപനം യാതൊരു തദ്ദേശ സ്വയംഭരണ സ്ഥാപനവും പുറപ്പെടുവിച്ചിട്ടില്ലാത്തതുമാണ്. ആയതിനാൽ, പ്രസ്തുത ആക്ടിന്റെ 12-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, "ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും" എന്ന വാക്കുകൾക്ക് പകരം "തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി, അതത് സംഗതിപോലെ, പഞ്ചായത്ത് ഡയറക്ടർ, ഗ്രാമ വികസന കമ്മീഷണർ, നഗര കാര്യ ഡയറക്ടർ" എന്ന വാക്കുകൾ ചേർത്ത് ഭേദഗതി ചെയ്തുകൊണ്ട്, അങ്ങനെയുള്ള വൈഷമ്യം നീക്കം ചെയ്യുന്നതിന് സർക്കാർ തീരുമാനിക്കുകയുണ്ടായി.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഉത്തരവ്.